**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 304** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>കൊട്ടാരക്കര മുനിസിപ്പാലിറ്റിക്ക് പുതിയ ആസ്ഥാന മന്ദിരം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എൻ. ബാലഗോപാൽ ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** കൊട്ടാരക്കര മുനിസിപ്പാലിറ്റിക്ക് പുതിയ ആസ്ഥാന മന്ദിരം നിർമിക്കുന്നതിനായി കഴിഞ്ഞ സർക്കാർ എത്ര തുകയുടെ ഭരണാനുമതി ആണ് നൽകിയിരുന്നത്;

**<u>മറുപടി:</u>** കൊട്ടാരക്കര മുനിസിപ്പാലിറ്റിക്ക് പുതിയ ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ 15,39,41,000/-(പതിനഞ്ച് കോടി മുപ്പത്തി ഒൻപത് ലക്ഷത്തി നാൽപത്തി ഒന്നായിരം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**(ബി)** നിർമാണ നടപടികൾ ആരംഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോ;വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കൊട്ടാരക്കര മുനിസിപ്പാലിറ്റി ആസ്ഥാന മന്ദിരം നിർമ്മാണ നിർവഹണം നടത്തുന്നതിനായി IMPACT KERALA എന്ന സ്ഥാപനവുമായാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. പ്രസ്തുത നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനായി ടി സ്ഥലത്ത് Land development ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. Land development പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുവാൻ കഴിയുന്നതാണ്.

**(സി)** നിർമാണം അടിയന്തിരമായി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കൊട്ടാരക്കര മുനിസിപ്പാലിറ്റി ആസ്ഥാന മന്ദിരം നിർമ്മാണ നിർവഹണം നടത്തുന്നതിനായി IMPACT KERALA എന്ന സ്ഥാപനവുമായാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. പ്രസ്തുത നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനായി ടി സ്ഥലത്ത് Land development ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. Land development പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുവാൻ കഴിയുന്നതാണ്.

**സെക്ഷൻ ഓഫീസർ**